പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 108 01.12.2014 -ൽ മറുപടിയ്ക്ക്

ബിവറേജസ് കോർപ്പറേഷനിലെ വിദേശമദ്യ വിൽപ്പനയുടെ വിശദ വിവരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ വിദേശമദ്യ വില്പന ശാലകൾ ഉണ്ടായിരുന്നോ; അവയിൽ എത്രയെണ്ണം അടച്ചു പൂട്ടുകയുണ്ടായി; | (എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ 338 വിദേശമദ്യ ഷോപ്പുകൾ ഉണ്ടായിരുന്നു. അവയിൽ 2014-15 ലെ വിദേശ മദ്യനയ പ്രകാരം 34 ഷോപ്പുകൾ 2014 ഒക്ടോബർ 2 ന് അടച്ചുപൂട്ടി. |
| (ബി) അടച്ചുപൂട്ടുന്നതിന് വില്പനശാലകളെ തെരഞ്ഞെടുത്ത മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; | (ബി) (i) പൊതുജനങ്ങളുടെ എതിർപ്പുകൾ, കോടതി ഉത്തരവ്, സാംസ്കാരിക സംഘടനകളുടെ എതിർപ്പുകൾ എന്നിവ നിലവിലുണ്ടായിരുന്ന ഷോപ്പുകൾ .<br>(ii) ശരാശരി വില്പന 'ബ്രേക്കീവൻ' വില്പനയിൽ |

താഴെയുള്ളത്.

(iii) ഷോപ്പ് പ്രവർത്തിച്ചു വന്ന കെട്ടിടത്തിന്റെ വാടക സംബന്ധിച്ച പ്രശ്നങ്ങൾ, ഉടമസ്ഥന്റെ ആവശ്യം എന്നിവ നിലനിന്നിരുന്ന ഷോപ്പുകൾ.

(iv) നിലവിൽ പ്രവർത്തിക്കുന്ന രണ്ട് ഷോപ്പുകൾ തമ്മിലുള്ള അകലം.

(v) വിവിധ കാരണങ്ങളാൽ ഈ കാലയളവിൽ അടച്ചുപോയ 7 ഷോപ്പുകൾ.

(vi) ഹൈവേ/സർവ്വീസ് റോഡുകൾ എന്നിവയുടെ അരികിലുണ്ടായിരുന്ന ഷോപ്പുകൾ.

(സി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം നാളിതുവരെ എത്ര കോടി രൂപയുടെ വില്പന നടത്തുകയുണ്ടായി; മുൻവർഷം ഇതേ കാലയളവിൽ ഉണ്ടായിരുന്ന വില്പന എത്ര കോടി രൂപയുടെതായിരുന്നു;

(സി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം (2014-15 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5731.47 കോടി രൂപയുടെ മദ്യ വില്പനയും മുൻവർഷം (2013-14 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) 5378.56 കോടി രൂപയുടെ മദ്യവില്പനയും നടത്തുകയുണ്ടായി.

(ഡി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം നാളിതുവരെ നടത്തിയ വില്പനയിലൂടെ സർക്കാരിനു ലഭിച്ച വരുമാനം എത്ര കോടി രൂപയാണ്; ഇതേ കാലയളവിൽ മുൻവർഷം ലഭിച്ചിരുന്ന വരുമാനം എത്രയായിരുന്നു?

(ഡി) ബിവറേജസ് കോർപ്പറേഷൻ ഈ വർഷം (2014-15 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) നടത്തിയ മദ്യവില്പനയിലൂടെ 4648.41 കോടി രൂപയും മുൻവർഷം (2013-14 ഏപ്രിൽ മുതൽ ഒക്ടോബർ വരെ) നടത്തിയ മദ്യവില്പനയിലൂടെ 4386.16 കോടി രൂപയുടെയും വരുമാനം സർക്കാരിന് ലഭിച്ചു.

സെക്ഷൻ ഓഫീസർ